**മഹാത്മാ ഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

**വാർത്താക്കുറിപ്പ്**

**2023 ഏപ്രിൽ 24**

---

## പി.എച്ച്.ഡി എൻട്രൻസ് പരീക്ഷ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല മെയ് ആറ്, ഏഴു തിയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന 2023 വർഷത്തെ പി.എച്ച്.ഡി പ്രവേശന പരീക്ഷ മെയ് 20, 21 തീയിതികളിലേക്ക് മാറ്റി. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ (https://researchonline.mgu.ac.in). ഫോൺ: 04812733568

(പി.ആർ.ഒ/39/436/2023)

## വരുമാന നികുതി വിവരങ്ങൾ മെയ് 10 വരെ നൽകാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പെൻഷനർമാരുടെ 2023-24 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത വരുമാന നികുതി കണക്കാക്കുന്നതിനുള്ള ആൻറിസിപ്പേറ്ററി കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെൻറ് ഫോറം സർവകലാശാല വെബ്സൈറ്റിലെ (www.mgu.ac.in) Circulars എന്ന ലിങ്കിലും പെൻഷനേഴ്സ് പോർട്ടലിലും ലഭിക്കും.

ഫോറം ഡൗൺലോഡ് ചെയ്ത്, പൂരിപ്പിച്ച ശേഷം നടപ്പു സാമ്പത്തിക വർഷത്തെ സേവിംഗ്സ് സംബന്ധമായ പ്രതീക്ഷിത കണക്കുകൾ സഹിതം രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-686 560 എന്ന വിലാസത്തിൽ മെയ് 10നു മുൻപ് അയക്കണം.

(പി.ആർ.ഒ/39/437/2023)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളജുകളിലെ എട്ടാം സെമസ്റ്റർ വിവിധ പഞ്ചവത്സര ഇൻറഗ്രേറ്റഡ് എൽ.എൽ.ബി കോഴ്സുകളുടെ പരീക്ഷകൾ മെയ് 17ന് തുടങ്ങും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/438/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

അഞ്ചാം സെമസ്റ്റർ (സി.ബി.സി.എസ് - സ്പെഷ്യൽ സപ്ലിമെൻററി - 2020 അഡ്മിഷൻ ബാച്ചിലെ പരാജയപ്പെട്ട വിദ്യാർഥികൾക്കു വേണ്ടി) ബിരുദ പരീക്ഷകൾക്ക് ഏപ്രിൽ 26, 27 തീയതികളിൽ അപേക്ഷ നൽകാം. ഏപ്രിൽ 28ന് പിഴയോടു കൂടിയും ഏപ്രിൽ 29ന് സൂപ്പർഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/439/2023)

## പ്രോജക്ട്, വൈവ വോസി

ആറാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് - കോർ, മോഡൽ 1, 2 സി.ബി.സി.എസ്(2020 അഡ്മിഷൻ റഗുലർ, 2019,2018,2017 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2023) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ മെയ് രണ്ടു മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈടേബിൾ വെബ്സൈറ്റിൽ.

........................

ആറാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2019,2018,2017 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2023) പരീക്ഷയുടെ പ്രോജക്ട്, വൈവ വോസി പരീക്ഷകൾ ഈ മാസം 26 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും.

(പി.ആർ.ഒ/39/440/2023)

## പ്രാക്ടിക്കൽ

മാർച്ചിൽ വിജ്ഞാപനം പുറപ്പെടുവിച്ച ആറാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്(2020 അഡ്മിഷൻ റഗുലർ, 2019,2018,2017 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2023) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 24 മുതൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ.

........................

ആറാം സെമസ്റ്റർ ബി.വോക് റിന്യുവബിൾ എനർജി മാനേജ്മെൻറ്, റിന്യുവബിൾ എനർജി ടെക്നോളജി ആൻറ് മാനേജ്മെൻറ്(2020 അഡ്മിഷൻ റഗുലർ - ന്യു സ്കീം - മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 26 മുതൽ വിവിധ കോളജുകളിൽ നടക്കും.

........................

ആറാം സെമസ്റ്റർ ബി.വോക് അഗ്രോ ഫുഡ് പ്രോസസിംഗ്(2020 അഡ്മിഷൻ റഗുലർ - ഏപ്രിൽ 2023 ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മെയ് രണ്ട്, മൂന്ന് തീയതികളിൽ കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സ് കോളജിൽ നടക്കും.

.....................................

ഫെബ്രുവരിയിൽ വിജ്ഞാപനം പുറപ്പെടുവിച്ച ഒന്നാം സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്(സി.ബി.സി.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറും റീ-അപ്പിയറൻസും, 2020, 2019, 2018, 2017 അഡ്മിഷനുകൾ റീ-അപ്പിയറൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷ ഈ മാസം 27 മുതൽ നടക്കും.

.....................................

മൂന്നാം സെമസ്റ്റർ എം.എസ്.സി ഇലക്ട്രോണിക്സ്(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷൻ സപ്ലിമെൻററി - ഫെബ്രുവരി 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 28 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും.

(പി.ആർ.ഒ/39/441/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**